LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം മെഡിക്കൽ കോളേജ് പി. എം. ആർ. വാർഡ് തുടങ്ങുന്നതിലെ കാലതാമസം

125 [950] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 1985-ൽ ഉദ്ഘാടനം ചെയ്ത പി.എം.ആർ.-നുവേണ്ടി നിർമ്മിച്ച പുതിയ കെട്ടിടത്തിൽ ഇതുവരേയും വാർഡ് തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർഡ് ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പൊതുജന താൽപ്പര്യം കണക്കിലെടുത്ത് ഈ വാർഡ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എം.ആർ.-നുവേണ്ടി പുതിയ കെട്ടിടം നിർമ്മിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ആലോചിക്കാവുന്നതാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്ത് കാവിലേക്ക് മാറ്റുന്നതിന് നടപടി

126 [951] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മുളങ്കുന്നത്തു കാവിലേക്ക് മാറ്റുമ്പോൾ ആവശ്യമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും നിയമനം ത്വരിതപ്പെടുത്തുമോ;

(ബി) ഏതെല്ലാം വിഭാഗമാണ് ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിന് ആവശ്യമായ ഓപ്പറേഷൻ തിയേറ്റർ, ലാബ്, എക്സ്റെ യൂണിറ്റുകൾ തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മുളങ്കുന്നത്തു കാവിലേക്ക് മാറ്റുന്നതിനാവശ്യമായ 92 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഇതിലേക്കാവശ്യമായ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.